11

# പരിശുദ്ധാത്മാവും സ്നാനവും

*“യെഹൂദന്മാരോ, യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ, നാമെല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും, എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു” (1 കൊരിന്ത്യർ 12:13).*

യോഹന്നാൻ 3:3–5 വിശദമാക്കുന്ന “യേശു സ്നാനം ഉപ ദേശിച്ചു” എന്ന പാഠത്തിൽ പുതിയജനനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ പരിശോധിക്കുകയുണ്ടായി. ഇപ്പോൾ നാം പഠിക്കുവാൻ പരിഗണിക്കുന്നത് സ്നാനവുമായുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ ദാനം എന്നതാണ്.

സ്നാനത്തിൽ ഒരാൾ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നു (യോഹന്നാൻ 3:5). മരിച്ചയാൾ പുതിയ ജീവിതത്തിന് പാപത്തിൽ നിന്ന് സ്വതന്ത്രനാകുകയും (റോമർ 6:4–7) പാപമോചനം ലഭിക്കുകയും (പ്രവൃത്തികൾ 2:38) യേശുവിന്റെ അടക്ക ത്തോടും ഉയിർപ്പിനോടും പങ്കാളിയാകുവാനും സ്നാനമേല്ക്കുന്നു (കൊലൊസ്യർ 2:12, 13). സുവിശേഷം ലോകത്തിൽ വ്യാപിക്കാൻ തുടങ്ങിയതോടെ ധാരാളം സ്നാനം നടന്ന ഉദാഹരണങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം (പ്രവൃത്തികൾ 2:38–47; 8:12, 35–39; മുതലായവ).

ഒരാൾ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയായി (2 കൊ രിന്ത്യർ 5:17; ഗലാത്യർ 6:15); സ്നാനത്തിൽ ഹൃദയപൂർവ്വം അയാൾ അനുസരിക്കുന്നതുകൊണ്ട് ദൈവമകനായി തീരുന്നു (റോമർ 6:4, 17, 18; ഗലാത്യർ 3:26, 27; കൊലോസ്യർ 2:12, 13). ഒരാൾ യേശുവിൽ വിശ്വസിക്കുന്നതു, നിമിത്തം അയാളുടെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെട്ട്, വീണ്ടും ജനിച്ച്, ദൈവമകനായി തീരുമ്പോൾ, പരിശുദ്ധാത്മാവു ലഭിക്കുന്നു. യോഹന്നാൻ എഴുതി, “അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെകുറിച്ച്, ആകുന്നു

പറഞ്ഞത്'' (യോഹന്നാൻ 7:39). നാം വായിക്കുന്നു, ''ഈ വസ്തുതയ്ക്ക് ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയ; പരിശുദ്ധാ ത്മാവും, സാക്ഷികളാകുന്നു" (പ്രവൃത്തി 5:32; 1 തെസലൊനിക്യർ 4:8). പെന്തെകൊസ്തു നാളിൽ ആദ്യത്തെ പ്രസംഗം കേട്ടവരോടു പത്രൊസ് പറഞ്ഞു, "നിങ്ങൾ മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി; ഓരോരുത്തൻ യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തി 2:38). പൗലോസ് എഴുതി, ''നിങ്ങൾ മക്കൾ ആകകൊണ്ട്, 'അബ്ബാ!പിതാവേ!' എന്നു വിളിക്കുന്ന, സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ, അയച്ചു" (ഗലാത്യർ 4:6).

''നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു'' (റോമർ 8:16). നാം ദൈവത്തിന്റെ മക്കൾ, എന്ന് നമ്മുടെ ആത്മാവോട് അവൻ സാക്ഷ്യം പറയുകയല്ല പകരം നാം ദൈവത്തിന്റെ മക്കൾ, എന്ന് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥം ദൈവം വാസ്തവത്തിൽ, "നമ്മുടെ പിതാവ്" എന്നാണ് അവൻ നമ്മോടുകൂടെ സാക്ഷ്യപ്പെടുത്തുന്നത്.

ദൈവത്തിന്റെ മക്കൾക്കു പരിശുദ്ധാത്മാവ്, എന്ന ദാനം അച്ചാരമായി ലഭിക്കുന്നത് ദൈവത്തിനുള്ളവർ എന്നു കാണിക്കുന്നു. പൗലോസ് എഴുതി, "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ, ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു" (2 കൊരിന്ത്യർ 1:21, 22), "അവനിൽ, നിങ്ങൾക്കും, നിങ്ങളുടെ രക്ഷയെ - കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം, നിങ്ങൾ കേൾക്കയും അവനിൽ വിശ്വാസിക്കയും ചെയ്തിട്ട്, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്ത ത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു, ..." (എഫെസ്യർ 1:13, 14).

ആത്മാവിനെ ദൈവമക്കളിൽ നല്കുന്നത് അവരെ മുദ്രയിടുന്നതിനാണ്, മക്കളാക്കുന്നതിനല്ല (ഗലാത്യർ 4:6). "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ, അവനുള്ളവനല്ല" (റോമർ 8:9).

ഒരു സാധാരണ നിയമം സ്ഥാപിച്ചു. നഷ്ടപ്പെട്ട ലോകത്തിന് ആത്മാവ് ലഭിക്കുന്നില്ല (യോഹന്നാൻ 14:17), എന്നാൽ തന്നിൽ വിശ്വസിച്ച് അനുസരിച്ച്,ദൈവമക്കളാകുന്നവർക്കാണ് ആത്മാവിനെ നൽകുന്നത്.

### പരിശുദ്ധാത്മാവ് എന്ന ദാനം

"പരിശുദ്ധാത്മദാനം" എന്നു പറയുന്നതു ദൈവമക്കളിൽ വസി

പ്പാൻ നല്കുന്ന ആത്മാവാണ് (1 കൊരിന്ത്യർ 6:19, 20; 2 തിമൊഥെയൊസ് 1:14), *അല്ലാതെ* ആത്മാവിന്റെ ശക്തിയുടെ അത്ഭുതവരമല്ല. ക്രിസ്തീയ ജീവിതം നയിക്കാൻ അവരെ ശക്തിപ്പെടുത്തുന്നതിനു നല്കുന്നതാണ് പരിശുദ്ധാത്മ ദാനം (എഫെസ്യർ 3:16). ശക്തിയോടുകൂടിയ ആത്മവരം ലഭിച്ചവർക്കു അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ കഴിഞ്ഞു (എബ്രായർ 2:3, 4).

പ്രവൃത്തി 8:12-17 നിയമത്തിൽ നിന്നു ഒഴിവാക്കുന്നില്ല:

> ... അനന്തരം യെരുശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈകൊണ്ടു എന്നു കേട്ടു പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർക്കു പരിശുദ്ധാത്മാവു ലഭിക്കേണ്ടതിന്നു അവർക്കായി പ്രാർത്ഥിച്ചു. അന്നുവരെ അവരിൽ ആരുടെ മേലും ആത്മാവു വന്നിരുന്നില്ല. അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളൂ. അവർ അവരുടെ മേൽ കൈവെച്ചപ്പോൾ, അവർക്കു പരിശുദ്ധാത്മാവ് ലഭിച്ചു.

പൊതുവായ നിയമം; അനുസരിച്ചു ശമര്യക്കാർ സ്നാനംഏറ്റപ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം അവരിൽ വസിപ്പാൻ നല്കിയിരിക്കണം. ഉടനെ ആത്മാവിന്റെ ശക്തി അവരിൽ വന്നില്ല. പിന്നീട്, അവർ ക്കു അതു അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ലഭിച്ചു (പ്രവൃത്തി 19:5, 6).

തിമൊഥെയോസിനു വരം ലഭിച്ചതു "മൂലം" അല്ലെങ്കിൽ "ആൽ" (*ദിയ*, എന്ന ഗ്രീക്കു പ്രപൊസിഷൻ, ആണ് ഉപയോഗിച്ചിരിക്കുന്നത് *അർത്ഥം* മറ്റൊരു പ്രവൃത്തിയാൽ ലഭിക്കുന്നു എന്നാണ്) അതായത് പൗലോസിന്റെ കൈവെപ്പിനാൽ ആണ് ലഭിച്ചത് (2 തിമൊഥെയോസ് 1:6). ഇതു മറ്റൊരു സന്ദർഭത്തിൽ പറയുന്ന വരം ലഭിച്ചതുപോലെയാണ് "കൂടെ" (*മെറ്റാ,* എന്നതിന്റെ അർത്ഥം, "ഇൻ അക്കൊംപനിമെന്റ് വിത്ത്"). യേശു, മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ (1 തിമൊഥെയൊസ് 4:14). തിമൊഥെയൊസിനു എങ്ങനെയാണ് വരം ലഭിച്ചതെന്നു വ്യക്തമാക്കുവാൻ നല്ല ഉദ്ദേശത്തിനായി, രണ്ടു വ്യത്യസ്ത പ്രിപ്പോസിഷനാണ് പൗലോസ് ഉപയോഗിച്ചത്. പൗലോസിന്റെ കൈവെപ്പു മൂലവും, അതോടൊപ്പം പൗലോസിന്റെയും മറ്റു അപ്പൊസ്തലന്മാരുടേയും കൈകൾ മൂലവും, തിമൊഥെയൊസിനു വരം ഉപയോഗിക്കുവാനുള്ള കഴിവു ലഭിച്ചു.

### ജാതികളിൽ നിന്നും ആദ്യം പരിവർത്തനം ചെയ്തവർ

പ്രവൃത്തി 10ലും 11ലും ജാതികളിൽ നിന്നു ആദ്യം പരിവർത്തിനം ചെയ്യപ്പെട്ടവരിൽ പൊതുവായ നിയമത്തിന്റെ പ്രകടനം നമുക്കു കാണാൻ കഴിയും. ഒഴിവുകഴിവുകൾ മിക്കതും ഒരു പോയിന്റ് തെളിയക്കുവാൻ പ്രധാനപ്പെട്ടതാണ്. യേശുവിന്റെ അത്ഭുതങ്ങളിലും ഇതു

വാസ്തവമായിരുന്നു. ശരാശരി വ്യക്തികൾ ചെയ്യുന്നതു മാത്രമാണ് അവൻ ചെയ്തിരുന്നതെങ്കിൽ അവനു താൻ ദൈവപുത്രൻ എന്നു തെളിയിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. സ്വാഭാവിക കഴിവിൽ സാധാരണ മനുഷ്യർക്കു ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ചെയ്തതുകൊണ്ട് ചിലപ്പോൾ ചില കാര്യങ്ങൾ പ്രകൃതിദത്ത നടപടികളിൽ ഒഴിവുള്ള തായി തീരുന്നു. താൻ ദൈവപുത്രനാണെന്നു അവൻ തെളിയിച്ചു (യോഹന്നാൻ 20:30, 31; പ്രവൃത്തി 2:22).

ജാതികളെയും രക്ഷക്കു സ്വീകരിച്ചു. അബ്രഹാമിന്റെ, പിൻഗാമി കളായിരുന്ന യെഹൂദന്മാരോടൊപ്പം ദൈവം സ്വീകരിക്കുന്നു എന്നതു യെഹൂദന്മാർക്കു പ്രയാസമുള്ള കാര്യമായിരുന്നു. അതുകൊണ്ട് അതു തെളിയിക്കുവാൻ അവൻ ഒരു ഒഴിവു ഉപയോഗിച്ചു. സാധാരണ മാതൃകയായ – അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ – അത്ഭുതശക്തിയും പാപമോചനവും ജാതികളിൽ, നിന്നു പരിവർത്തനം ചെയ്തവർക്കു ലഭിച്ചിരുന്നെങ്കിലും യെഹൂദക്രിസ്ത്യാനികളോടൊപ്പം അവർക്കും അതേസ്ഥാനം ലഭിക്കും എന്നു യെഹൂദന്മാർക്കു വിശ്വസിക്കാൻ അതു മാത്രം പോരായിരുന്നു. ദൈവത്തിന്റെ ഒഴിവു നടപടി ഇല്ലെങ്കിൽ, ജാതി കളിൽ, നിന്നു പരിവർത്തനം ചെയ്തവർക്കു അപ്പൊസ്തലന്മാരുടെ അംഗീകാരമേ ഉള്ളൂ എന്നു കരുതും. ആദിയിൽ, യെഹൂദന്മാർക്കു നല്കിയതുപോലെ തന്നെ നേരിട്ടു പരിശുദ്ധാത്മാവിനെ ജാതികൾക്കു പകർന്നു കൊടുത്തതു തെളിയിച്ചത്, എക്കാലവും ജാതികൾക്കും രക്ഷ നല്കുന്നു എന്നും ദൈവമക്കൾ എല്ലാവരും തുല്യരാണെന്നും ആണ്. തിരഞ്ഞെടുപ്പ് പത്രോസിന്റേതല്ല, ദൈവത്തിന്റേതാണെന്ന് ദൈവം തെളിയിച്ചു.

യെരുശലേം സഭ ഉയർത്തിയ എതിർപ്പുകൾക്കു (പ്രവൃത്തി 11:13), മറുപടിയായി പത്രൊസ് ശരിയായ ചോദ്യം ചോദിക്കുന്നുണ്ട്. ''... ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?'' (പ്രവൃത്തി 11:17). പിന്നീട് അവൻ പറഞ്ഞു, "... സഹോദരന്മാരേ, കുറെ നാൾ മുമ്പെ ദൈവം നിങ്ങളിൽ വെച്ചു ഞാൻ മുഖാന്തരം ജാതികൾ സുവിശേഷ വചനം കേട്ടു വിശ്വസിക്കേണം എന്നു നിശ്ചയിച്ചതു നിങ്ങൾ അറിയുന്നു വല്ലൊ. ഹൃദയങ്ങളെ അറിയുന്ന, ദൈവം, നമുക്കു തന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടു സാക്ഷി നിന്നു'' (പ്രവൃത്തി 15:7, 8). ദൈവം തിരഞ്ഞെടുത്തതുകൊണ്ടാണ് പത്രോസ് ആ ചോദ്യം ചോദിച്ചത്, ജാതികളുടെ മേൽ പരിശുദ്ധാത്മ ശക്തി വന്നതു പത്രോസ് കണ്ടപ്പോൾ, "നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു?'' (പ്രവൃത്തി 10:47). അവരെ മനുഷ്യരല്ല, ദൈവമാണ്, തിരഞ്ഞെടുത്തതു എന്നതിനു തന്റെ നിയമത്തിൽ ഈ ഒഴിവായ

മതിയായ തെളിവാണ് പത്രൊസിനെ അങ്ങ നെ പറയിപ്പിച്ചത്. തന്റെ നിയമത്തിൽ ഒഴിവുകഴിവു വരുത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. ദൈവം പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവാണിത്.

പത്രൊസിന്റെ പ്രസ്താവനയെ കുറിച്ചു ഫ്രഡെറിക് ഡെയിൽ ബ്രൂണേഴ്സിന്റെ വീക്ഷണം ഇവിടെ ആവർത്തിക്കുന്നതു വില യുള്ളതാണെന്നു കരുതുന്നു: "പരിശുദ്ധാത്മാവു 'ആദിയിൽ നമ്മുടെ മേൽ വന്നതുപോലെ അവരുടെ മേലും വന്നു എന്നതിനാണ് അദ്ദേഹം ഊന്നൽ കൊടുത്തത്' (വാക്യം 15). ഈ പ്രസ്താവന സുപ്രധാനമാകുന്നു. 'എല്ലായിടത്തും ചെയ്യുന്നതുപോലെ പരിശുദ്ധാത്മാവുകൊർന്നെല്യോസിന്റെ ഭവനത്തിലും വന്നു എന്നല്ല പത്രോസ് പറഞ്ഞത്.' "[1]

ബ്രൂണർ പിന്നീടു വീക്ഷിച്ചതു, "അക്ഷരികമായി, 'പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടൽ' പ്രവൃത്തികളുടെ പുസ്തകം പഠിപ്പിക്കുന്ന സഭയുടെ തുടർന്നുകൊണ്ടിരിക്കുന്ന ഉപദേശമല്ല കാരണം. ആ പദപ്രയോഗം യെഹൂദന്മാരുടേയും സഭയിലേക്കു പ്രവേശിക്കുന്ന പ്രാരംഭ നിർണ്ണായക ഘട്ടത്തിൽ മാത്രം ഉപയോഗിച്ചിട്ടുള്ളതാണ്."[2]

പ്രവൃത്തിയുടെ പുസ്തകത്തിൽ പരിശുദ്ധാത്മാവുകൊണ്ടുള്ള, സ്നാനം രണ്ടു സന്ദർഭങ്ങളിൽ നടന്നതായി വിവരിക്കുന്നുണ്ട്. പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാരിലും കൊർന്നെല്യോസിന്റെ ഭവനത്തിലുള്ളവരിലും അവന്റെ ജാതികളിൽ പെട്ട സ്നേഹിതരിലും ആണ് അത്. പൗലോസും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടിരിക്കാം. അവൻ അപ്പൊസ്തലനായത് മനുഷ്യരാലല്ല യേശുക്രിസ്തുവിനാലായിരുന്നു എന്നു പൗലോസ് പറയുന്നുണ്ട് (ഗലാത്യർ 1:1). മനുഷ്യകാരണത്താൽ, ആണ് പൗലോസിനു പരിശുദ്ധാത്മശക്തി ലഭിച്ചിരുന്നെങ്കിൽ അവൻ മനുഷ്യരാൽ; അപ്പൊസ്തലനായി എന്നു പറഞ്ഞേനെ. തന്റെ അപ്പൊസ്തലത്വം മനുഷ്യരിൽ നിന്നല്ല, എന്നവൻ പറഞ്ഞതുകൊണ്ട് അവനിലെ പരിശുദ്ധാത്മശക്തി പരിശുദ്ധാത്മ സ്നാനത്താൽ ലഭിച്ചു എന്നുറപ്പിക്കാം.

അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിക്കാതെതന്നെ അവർ ദൈവമക്കൾ ആയി തീരുന്നതിന്റെ മുൻപ് ആണ് ജാതികൾക്കു പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചത് (പൊതുവായ നിയമത്തിൽ നിന്നും ഒഴിവുള്ള); എങ്കിലും, ഇതു അവർ സ്നാനമേറ്റു ദൈവമക്കളായി തീരുന്നതിനു മുൻപ് അവരിൽ വസിപ്പാൻ പരിശുദ്ധാത്മാവു കൊടുത്തു എന്ന സൂചനയല്ല. പരിശുദ്ധാത്മാവെന്ന ദാനം വസിപ്പാൻ കൊടുക്കുന്നത് മാനസാന്തരപ്പെട്ടുപാപങ്ങളുടെ മോചനത്തിനായി സ്നാനമേല്ക്കുമ്പോഴാണ്. ഇതാണ് പൊതുവായ നിയമം (പ്രവൃത്തി 2:38). ഇതു ഇവർക്കും പരിവർത്തനം ചെയ്യപ്പെട്ട ചില സന്ദർഭത്തിൽ പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചു, പറഞ്ഞിട്ടില്ലെങ്കിലും അവരിലും ബാധകമാണ്, (പ്രവൃത്തി 8:35-39; 16:15, 33;

18:8). ഈ രണ്ടു സന്ദർഭങ്ങളൊഴിച്ചു പരിശുദ്ധാത്മശക്തി ലഭിച്ചിരുന്നതു അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവർക്കു മാത്രമായിരുന്നു (പ്രവൃത്തി 8:14–17; 19:5, 6; 2 തിമൊഥെയോസ് 1:6).

## പരിശുദ്ധാത്മാവും പരിവർത്തനവും

ഒരു പാപി പരിവർത്തനം ചെയ്യുവാൻ പരിശുദ്ധാത്മാവു നേരിട്ടു പ്രവർത്തിക്കുന്ന വിവരം പ്രവൃത്തികളുടെ പുസ്തകം, നല്കുന്നില്ല. മറിച്ചു,സന്ദേശവാഹകരിൽ കൂടെയാണ്, അവൻ പ്രവർത്തിച്ചത്. ആ സമയത്തു വചനം എഴുതപ്പെടാതിരുന്നതിനാൽ പരിശുദ്ധാത്മാവ് സത്യത്തിൽ അവരെ നയിക്കുമായിരുന്നു (എഫെസ്യർ 3:3–5). ദൈവവചനത്തിൽ കൂടെയാണ് ബോധ്യപ്പെടുത്തുന്ന പ്രവൃത്തി (യോഹന്നാൻ 16:7–11) പരിശുദ്ധാത്മാവു ചെയ്യുന്നത് (യോഹന്നാൻ 6:63; പ്രവൃത്തി 2:37; 11:14; 24:25). പരിശുദ്ധാത്മാവിന്റെ, നേരിട്ടുള്ള പ്രവർത്തനത്തിനല്ല, വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവവചനമാണ് (യോഹന്നാൻ 17:20; പ്രവൃത്തി 17:11, 12; റോമർ 10:17).

ദൈവമക്കളാകുവാനോ, വിശ്വസിച്ച് അനുസരിക്കുവാനോ പരിശുദ്ധാത്മാവ് നല്കപ്പെട്ടില്ല. ദൈവമക്കൾക്കാണ് ആത്മാവിനെ നല്കിയത് (ഗലാത്യർ 4:6). വചനം കേട്ടു (1 പത്രോസ് 1:23), വിശ്വസിച്ചു (യോഹന്നാൻ 7:39), അനുസരിച്ചവരായ ദൈവമക്കൾക്കാണ് (പ്രവൃത്തി 5:32).

ചിലർ കരുതുന്നതു ഒരു പാപി വചനം സ്വീകരിക്കുവാൻ പരിശുദ്ധാത്മാവ് അവന്റെ ഹൃദയം തുറക്കണമെന്നാണ്. ജാതിയിൽ പെട്ടവരുടെ ആദ്യ പരിവർത്തനം ഇതു നിഷേധിക്കുന്നതാണ്. ആത്മാവു വരുന്നതിനു മുൻപുതന്നെ അവരുടെ ഹൃദയം തുറന്നിരുന്നു. അവർ പൗലോസിനോടു പറഞ്ഞു, "... കർത്താവു നിന്നോടു കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുൻപാകെ കൂടിയിരിക്കുന്നു" (പ്രവൃത്തി 10:33). ആത്മാവു ഒരു ഏജന്റിൽ കൂടെ വചനം മുഖാന്തരം ഒരാളുടെ ഹൃദയം തുറന്നേക്കാം; എങ്കിലും, വചനം ഹൃദയത്തിലേക്കു പ്രവേശിക്കുവാൻ അനുവദിക്കേണ്ട ഉത്തരവാദിത്വം മനുഷ്യനിലാണ് (ലൂക്കോസ് 8:15). സന്ദേശവാഹകന്നു പരിശുദ്ധാത്മാവ് സന്ദേശം കൊടുത്തിരുന്നു. പക്ഷേ നഷ്ടപ്പെട്ടവരിൽ നേരിട്ടു ഹൃദയങ്ങളിൽ വിശ്വാസം ജനിപ്പിക്കുവാൻ പ്രവർത്തിച്ചിരുന്നില്ല. സന്ദേശത്തിലൂടെയാണ് വിശ്വാസം വരേണ്ടിയിരുന്നത് (റോമർ 10:17). അല്ലാതെ പരിശുദ്ധാത്മാവിനാൽ നേരിട്ടല്ല. ലോകത്തിന് പരിശുദ്ധാത്മാവു ലഭിക്കുന്നില്ല (യോഹന്നാൻ 14:17), അവൻ വരുന്നതു, വിശ്വസിച്ചു (യോഹന്നാൻ 7:39) സ്നാനം ഏറ്റു(പ്രവൃത്തി 5:32), അതുകൊണ്ട്, അവർ ദൈവത്തിന്റെ മക്കളാകുന്നു (ഗലാത്യർ 4:6).

വൈകാരിക അനുഭവങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയോടു

ബൈബിൾ ഒരിക്കലും തുല്യമായി ഗണിക്കുന്നില്ല. അത്തരം സമീപനം സൂചിപ്പിക്കുന്നതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ചഞ്ചലസ്വഭാവ മനസ്കരുടെ വികാരത്തെ പണിയുന്നു എന്നാണ് (യിരെമ്യാവ് 17:9), അതു അവിശ്വാസനീയം തന്നെ (സദൃശവാക്യങ്ങൾ 28:26).

ചില ആളുകൾ സ്നാനത്തെ കുറച്ചു കാണുന്നതു അവർ സ്നാനപ്പെട്ടപ്പോൾ പ്രത്യേക അനുഭൂതി അനുഭവപ്പെട്ടില്ല. സ്നാനപ്പെടുന്നതിനുമുൻപു തന്നെ അവർക്കു അനുഭവപ്പെട്ട അനുഭൂതിയിൽ സ്നാനം കൂടാതെ അവർ രക്ഷിക്കപ്പെട്ടു എന്നാണ്. സ്നാനം ആർക്കും ഉന്മാദം വരുത്തുന്നില്ല. പക്ഷേ അതു സന്തോഷിക്കുവാനുള്ള കാരണമാകുന്നു (പ്രവൃത്തി 8:39; 16:33, 34). ഈ സന്തോഷം വരുന്നതു യേശുവിലുള്ള വിശ്വാസത്താൽ പാപങ്ങൾ മോചിക്കപ്പെടുന്നതുകൊണ്ടാണ്.

വികാരങ്ങളും സ്നാനവും വിവാഹാഘോഷവുമായി താരതമ്യം ചെയ്യാവുന്നതാണ്. വിവാഹത്തിനു മുൻപും, വിവാഹസമയത്തും, ഉണ്ടാകുന്ന വികാരമല്ല, വിവാഹത്തെ ഉറപ്പിക്കുന്നത്. ആഘോഷത്തിനു തന്നെയും വധുവരന്മാർക്കു അന്യോന്യമുള്ള വികാരങ്ങൾ മാറ്റുവാൻ കഴിയുകയില്ല, അതു സന്തോഷിക്കാനുള്ള അവസരം ഒരുക്കുന്നുണ്ട് എന്നതു വാസ്തവമാണ്. വിവാഹാവശ്യങ്ങൾ നിറവേറ്റുന്നതും ചില വികാരങ്ങൾ ഉണ്ടാകുന്നതുമല്ല വിവാഹത്തെ നിയമപരമാക്കുന്നത്.

അതുപോലെ, സ്നാനം സന്തോഷിക്കുവാനുള്ള കാരണമാകുന്നു, ഒരാൾ രക്ഷിക്കപ്പെട്ടു എന്നുറപ്പിക്കാൻ പരിശുദ്ധാത്മാവു പ്രത്യേക അനുഭൂതി കൊടുത്തതായ ഒരു രേഖയും ബൈബിളിൽ *ഇല്ല*. രക്ഷ എന്നതു അനുസരിക്കുന്നതിന്റെ ഫലമായി കിട്ടുന്നതാണ് (എബ്രായർ 5:9) ഹൃദയപൂർവ്വം (റോമർ 6:17, 18). അല്ലാതെ പരിശുദ്ധാത്മാവു നേരിട്ടു ഹൃദയത്തിൽ പ്രവർത്തിച്ചു കിട്ടുന്നതല്ല.

**ഉപസംഹാരം**

വിശ്വസിച്ചു അനുസരിച്ചു ദൈവമക്കളാകുന്നവർക്കാണ് പരിശുദ്ധാത്മാവിനെ നല്കുന്നത്. നഷ്ടപ്പെട്ടവരിൽ ദൈവമക്കളാകുവാൻ അവനെ നല്കുന്നില്ല. പാപത്തിൽ ശുദ്ധീകരണത്തിനായ യേശുവിൽ വിശ്വസിച്ചു തന്റെ ജീവിതം മാറ്റുവാൻ സ്നാനത്തിൽ അവന്റെ അടക്കത്തോടു പങ്കു ചേർന്നു സമർപ്പിക്കപ്പെട്ടവരുടെ ഹൃദയങ്ങളിലാണ് പരിശുദ്ധാത്മാവിനെ നല്കുന്നത്.

നഷ്ടപ്പെട്ടവർ ആത്മാർത്ഥ ഹൃദയത്തോടും സത്യസന്ധതയോടും വചനം കൈകാര്യം ചെയ്യണം (ലൂക്കോസ് 8:15), ഹൃദയങ്ങളെ അടച്ചു വെച്ചിരിക്കുന്നവർ വചനത്തെ തള്ളിക്കളയും (മത്തായി 13:15). ഒരു പാപിയുടെ ഹൃദയം തുറക്കേണ്ടതിന്നു; പരിശുദ്ധാത്മാവു നേരിട്ടു പ്രവർത്തിക്കുന്നില്ല. പകരം, ദൈവവചനം സ്വീകരിക്കുവാൻ മനസു തുറന്നു വചനം അനുസരിച്ചു ശുദ്ധീകരിക്കപ്പെട്ടവരിലാണ് പരിശുദ്ധാ

ത്മാവു പ്രവേശിക്കുന്നത് (1 പത്രോസ് 1:22; പ്രവൃത്തി 2:38).

---

കുറിപ്പുകൾ

[1]ഫ്രെഡറിക് ഡെയിൽ ബ്രൂണർ, *എ തിയോളജി ഓഫ് ദി ഹോളി സ്പിരിറ്റ്* (ഗ്രാന്റ് റാപ്പിഡ്സ്,മൈക്ക്.: ഡബ്ലിയൂ.എം.ബി.എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1970), 194.

[2]ഇബിഡ്., 195.